നെട്ടൂർ കമ്മീഷൻ റിപ്പോർട്ടിലെ സ്വീകാര്യമല്ലാത്ത വ്യവസ്ഥകൾ

*437 [459] ശ്രീ. പി. ആർ. കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെട്ടൂർ കമ്മീഷൻ റിപ്പോർട്ടിൻമേൽ ഗവൺമെൻറ് എന്തു നടപടി എടുത്തു;

(ബി) സ്വീകരിച്ചു കൂടാത്ത വല്ല ശുപാർശയും അതിലുണ്ടായിരുന്നുവോ;

(സി) ഉണ്ടെങ്കിൽ എന്ത്?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ, ബി, സി) നെട്ടൂർ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾക്ക് കാലതാമസം കാരണം പ്രസക്തി നഷ്ടപ്പെട്ടതിനാലും സംവരണ തത്വങ്ങൾ കാലഹരണപ്പെട്ട സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിലായിരിക്കരുതെന്ന് ഹൈക്കോടതി അഭിപ്രായപ്പെട്ടിട്ടുള്ളതും കണക്കിലെടുത്തും പ്രസ്തുത ശുപാർശകൾ ഒന്നും തന്നെ നടപ്പിലാക്കേണ്ടതില്ലെന്നും ഉദ്യോഗസംവരണം സംബന്ധിച്ച പ്രശ്നങ്ങൾ സമഗ്രമായി പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ പുതിയ ഒരു കമ്മീഷനെ നിയമിക്കുന്നതിനും നെട്ടൂർ കമ്മീഷൻ അതിന്റെ റിപ്പോർട്ട് സമർപ്പിച്ച ശേഷം സർക്കാർ സർവ്വീസിൽ വിവിധ സമുദായങ്ങൾക്കുള്ള പ്രാതിനിധ്യം സംബന്ധിച്ച് ഗവൺമെൻറ് ശേഖരിച്ച സ്ഥിതിവിവരക്കണക്കുകളെ ആസ്പദമാക്കി വിവിധ സംവരണ സമുദായങ്ങൾക്ക് നിലവിലുള്ള സംവരണ ശതമാനത്തിൽ ചില മാറ്റങ്ങൾ വരുത്തുന്നതിനും തീരുമാനിച്ചു.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഡിപ്പോകൾ

*438 [460] ശ്രീ. കെ. പി. വിശ്വനാഥൻ:

ശ്രീ. എൻ. പി. മൊയ്തീൻ:

ശ്രീ. കെ. സുകുമാരനുണ്ണി:

ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ:

ശ്രീ. പി. ആർ. ഫ്രാൻസിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഡിപ്പോകൾ ഇപ്പോൾ എവിടെയെല്ലാം പ്രവർത്തിക്കുന്നുണ്ട്;

(ബി) കൂടുതലായി ഡിപ്പോകൾ തുറക്കുവാൻ ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം;

(സി) എല്ലാ ജില്ലാ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സുകളിലും ഡിപ്പോകൾ തുറക്കുന്നതിന് സമഗ്രമായ ഒരു പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കാമോ;

(ഡി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഡിപ്പോകൾ നടത്തുന്നതിന് പ്രത്യേക ലൈസൻസികളേയും ഏജൻറുമാരേയും ആരാണ് നിശ്ചയിക്കുന്നത്;

LIBRARY ARCHIVES, Kerala Legislative Assembly